LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ഉപഭോക്താവിന് എത്തിക്കുന്നതിനുള്ള പരിപൂർണ്ണ ഉത്തരവാദിത്വം സപ്ലൈ ലൈസൻസികളിൽ മാത്രം നിക്ഷിപ്തമാവുകയും ചെയ്യും. എന്നാൽ ഏതെങ്കിലും വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നതിന് സപ്ലൈ ലൈസൻസികൾ വരാത്തപക്ഷം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തന്നെയായിരിക്കും അവരുടെ ഇൻക്യൂംബന്റ് സപ്ലൈ ലൈസൻസി അഥവാ ഡിസ്ട്രിബ്യൂഷൻ ലൈസൻസികളായിരിക്കും ആ വിഭാഗം ഉപഭോക്താക്കൾക്ക് സപ്ലൈ നൽകുന്നതിന് ബാധ്യതപ്പെട്ടിരിക്കുന്നത്.

സംസ്ഥാനത്ത് വൈദ്യുതി ഉപയോഗത്തിന്റെ 50 ശതമാനത്തോളം ഉപയോഗം ഗാർഹിക ഉപഭോക്താക്കളാണ്. ഈ ഉപഭോക്താക്കൾക്ക് താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിവരുന്നു. ഇത്തരം കുറഞ്ഞ വൈദ്യുതി നിരക്ക് ഒരു പരിധിവരെ നിലവിൽ കോമ്പൻസേറ്റ് ചെയ്യുന്നത് വാണിജ്യ ഉപഭോക്താക്കളിൽ നിന്നുള്ള ക്രോസ് സബ്സിഡി മുഖേനയാണ്. ഈ കാരണത്താൽ തന്നെ ഏതെങ്കിലും പ്രത്യേക ഉപഭോക്താക്കൾക്ക് മാത്രം സപ്ലൈ ലൈസൻസികൾ അനുവദിക്കുന്നതും ക്രോസ് സബ്സിഡി എടുത്ത് കളയുന്നതും കെ.എസ്.ഇ.ബി.യെ പ്രതികൂലമായി ബാധിക്കും. കൂടാതെ കാലാകാലങ്ങളായി പൊതുജനാവ് ഉപയോഗിച്ച് വിപുലപ്പെടുത്തിയിട്ടുള്ള വൈദ്യുതി വിതരണ ശൃംഖല ചില വിഭാഗം ഉപഭോക്താക്കൾക്ക് മാത്രമായി ലൈസൻസ് അനുവദിക്കുന്നതിനുള്ള അനൗചിത്യവും വിലയിരുത്തിയിട്ടുണ്ട്.

ഈ കാരണത്താൽ വിശദമായ പഠനങ്ങൾക്കുശേഷവും സംസ്ഥാനത്തെ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുന്ന ഉപഭോക്താക്കളെ ബാധിക്കാത്ത തരത്തിലും സംസ്ഥാനത്തിന്റെ പ്രത്യേക സാമൂഹിക-സാമ്പത്തിക സ്ഥിതി പരിഗണിച്ചും മാത്രമേ സംസ്ഥാനത്ത് ഈ കരട് നിർദ്ദേശങ്ങൾ അനുവദിക്കാവൂ എന്ന് കെ.എസി.ഇ.ബി. കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

വൈദ്യുതി, ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന വിഷയമായതു കൊണ്ടുതന്നെ സംസ്ഥാന ഗവൺമെന്റ് സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക സ്ഥിതി പരിഗണിച്ച് മാത്രമേ ഈ വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കുകയുള്ളൂ.

ഷോക്കേറ്റ് മരണം

6 (351) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര സംഘം ഷോക്കേറ്റ് മരണമടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഴകി ദ്രവിച്ച തടി തൂണുകളിൽ ഇലക്ട്രിക് ലൈൻ താഴ്ന്ന് കിടക്കുന്നതിനാലാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതെന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്രകാരമുള്ള അപകടങ്ങൾ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പഴക്കം ചെന്നതും അപകടകരമാംവിധം നിൽക്കുന്നതുമായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. 15-5-2015-ൽ കോട്ടയം ഇലക്ട്രിക്കൽ സർക്കിളിലെ പുഞ്ചപള്ളം ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ ആലപ്പുഴ പുന്നമട ഭാഗത്ത് ഒരു യുവാവ് ഷോക്കേറ്റു മരിച്ചിട്ടുണ്ട്. പ്രസ്തുത ഇലക്ട്രിക് ലൈൻ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് പോസ്റ്റുകൾ ബലമുള്ളവയും ഉയരമുള്ളവയും ആയിരുന്നു. അവയ്ക്ക് ആവശ്യമായ സ്റ്റേകളും നിയമപ്രകാരമുള്ള ക്ലിയറൻസും ഉണ്ടായിരുന്നു. പ്രസ്തുത വ്യക്തി ഡബിൾ ഡെക്കർ ബോട്ടിന്റെ മുകളിൽ നിന്ന് യാത്ര ചെയ്യുമ്പോഴാണ് അപകടം സംഭവിച്ചത്.

(സി&ഡി) ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

ആവശ്യമുള്ള വൈദ്യുതി-ഉൽപ്പാദനവും കണ്ടെത്തലും

7 (352) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉൽപാദിപ്പിക്കുന്നതെന്നും ഇവ ആവശ്യമുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണെന്നും കുറവുള്ള വൈദ്യുതി ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് കണ്ടെത്തുന്നതെന്നും ഇതിനായി എത്ര രൂപ ബോർഡ് ചെലവഴിക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി നിലവിൽ ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly